(ബി) എങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24-12-2004-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അഗ്രികൾച്ചറൽ റീ ഫൈനാൻസിംഗ് കോർപ്പറേഷനിൽനിന്നുള്ള വായ്പ

158 [3048] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ റീ ഫൈനാൻസിംഗ് കോർപ്പറേഷനിൽ നിന്നും ഡയറക്ട് ലോൺ ആയും, അഡ്വാൻസ് ആയും സംസ്ഥാന സഹകരണ ബാങ്കിന് കഴിഞ്ഞ അഞ്ചു വർഷക്കാലം പ്രതിവർഷം എത്ര തുക വീതം ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുകയിൽ നിന്നും എത്ര രൂപ വീതം സംസ്ഥാനത്തെ പ്ലാന്റേഷൻ ഉടമകൾക്ക് ഏതൊക്കെ ഇനത്തിൽ നല്കിയിട്ടുണ്ട്;

(സി) പ്ലാന്റർമാർ വായ്പ എടുത്ത തുകയിൽ എത്രമാത്രം സംഖ്യ കുടിശ്ശിക യായുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ രംഗത്തെ തകർച്ച കണക്കിലെടുത്ത് വായ്പ തുക തിരിച്ചടയ്ക്കുന്നതിൽ പ്ലാന്റർമാർക്ക് സാവകാശം നല്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഗ്രികൾച്ചറൽ റീ ഫൈനാൻസിംഗ് കോർപ്പറേഷനിൽ നിന്ന് യാതൊരു തുകയും ലഭിച്ചിട്ടില്ലെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly